# ജി. എൽ. പി. എസ് കടുക്കാംകുന്നം



2025 - 2025

## അക്കാദമിക മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | പദ്ധതിയുടെ പേര്, ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലയളവ് | ചുമതല. | സാമ്പത്തികം. |
|---|---|---|---|---|---|
| | ഭാഷ, 'എന്റെ മലയാളം' <br>• 1-4 വരെയുള്ള ക്ലാസുകളിൽ നേടേണ്ട ഭാഷാ ശേഷികൾ, ഓരോ കുട്ടിയുടെയും പഠന നിലവാരത്തിന്റെ പരമാവധി തലത്തിൽ പ്രയോഗിക്കാൻ പ്രാപ്തരാക്കുക. <br>• ഭാഷയുടെ അടിസ്ഥാന ശേഷികളായ സ്വതന്ത്ര വായന, ലേഖനം എന്നിവ ഓരോ വിദ്യാർത്ഥിയും നേടിയെന്ന് ഉറപ്പ് വരുത്തുക. | *ഓരോ ക്ലാസിലെയും കുട്ടികൾ നേടേണ്ട ഭാഷാശേഷികൾ അധ്യാപകർ H.B, T.B, പരിശീലനപാഠങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കണ്ടെത്തുന്നു. *SRG യോഗത്തിൽ അവതരിപ്പിക്കുന്നു. ചർച്ച നടത്തി നേടിയ ആശയങ്ങൾ പ്രാവർത്തികമാക്കുന്നു. *മുമ്പ് അധ്യാപകർ ഏറ്റെടുത്ത് വിജയിപ്പിച്ച ക്രിയാഗവേഷണ റിപ്പോർട്ടുകൾ മാതൃകയാക്കുന്നു. (ഉദാ: പത്രവാർത്ത തയ്യാറാക്കുന്നതു സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ പ്രയോജനപ്പെടുത്തുന്നു.) <br>*പ്രയാസം നേരിടുന്ന ഭാഷാമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള നിരന്തരമായ അന്വേഷണത്തിലും ഗവേഷണത്തിലും അധ്യാപകർ ഏർപ്പെടുന്നു. | അധ്യയന വർഷം മുഴുവൻ. | | |
| | • മാതൃഭാഷയെ സ്നേഹിക്കാനും മേന്മ തിരിച്ചറിയാനും നേട്ടങ്ങളിൽ അഭിമാനിക്കാനും സംരക്ഷിക്കാനും ഉള്ള | *ശില്പശാലകൾ സംഘടിപ്പിക്കുന്നു. (കവിതാരചന, കഥാരചന തുടങ്ങിയവയ്ക്കായി) സ്കൂൾ/പഞ്ചായത്ത്/ക്ലാസ് തലങ്ങളിലായി നടത്താം. | ഓരോ ക്ലാസിന്റെയും ആവശ്യാനുസരണമോ അല്ലെങ്കിൽ വിദ്യാരംഗം ക്ലബ്ബിന്റെ നേതൃത്വത്തിൽ പൊതുവായോ നടത്താം. | SRG <br>PTA <br>LSG | |

| | | | | | |
|---|---|---|---|---|---|
| | മനോഭാവം വളർത്തുക. അതോടൊപ്പം ഭാഷയ്ക്കായി അവരുടേതായ സംഭാവനകൾ (കഥ, കവിത, കുറിപ്പുകൾ...) നൽകാനുള്ള സാഹചര്യമുണ്ടാക്കുക. | * ഭാഷയിലെ അടിസ്ഥാന ശേഷികളായ വായന, ലേഖനം എന്നിവ ഓരോ കുട്ടിയും ക്ലാസ് നിലയനുസരിച്ച് നേടിയെന്ന് ഉറപ്പാക്കാൻ ഓരോ ക്ലാസിലും പ്രത്യേകം പഠന പ്രവർത്തനങ്ങൾ SRG യോഗങ്ങളിൽ വച്ച് ആസൂത്രണം ചെയ്യുന്നു. | 2024-25 അധ്യയന വർഷം മുഴുവനും. | | |
| • | ക്ലാസ്തലത്തിലും സ്കൂൾതലത്തിലും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൈയെഴുത്തു മാസികകൾ മാഗസിനുകൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുക. | * പ്രവർത്തന പാക്കേജുകൾ രൂപപ്പെടുത്തുന്നു.<br>* വായനാ കാർഡുകൾ പോലെയുള്ള TLM നിർമ്മിക്കുന്നതിനായി PTA, MPTA, എന്നിവയുടെ പിന്തുണ തേടാം. | | | |
| • | ഭാഷോത്സവം സംഘടിപ്പിക്കുക. | * ഭാഷാ കേളികൾ പഠനപിന്നാക്കക്കാർക്ക് ഏറ്റവും അനുയോജ്യമായ രീതിയിൽ സംഘടിപ്പിക്കുക. | | | |
| • | വിദ്യാരംഗം ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ഭാഷാവികാസത്തിന് അവസരമൊരുക്കുക. | ക്ലാസ് - 1 കുഞ്ഞിമലയാളം<br>ക്ലാസ് - 2<br>ക്ലാസ് - 3<br>ക്ലാസ് - 4<br>എന്നീ പേരുകളിലാണ് പ്രവർത്തനങ്ങൾ നടപ്പാക്കുക. | | | |
| | ദിനാചരണങ്ങൾ | വായനദിനം, ബഷീർദിനം, കേരളപ്പിറവി ദിനം എന്നിവ ഭാഷാ പ്രവർത്തനങ്ങൾ, | | | |

| | | | | |
|---|---|---|---|---|
| | ധാരാളമായി ഉൾപ്പെടുത്തിക്കൊണ്ട് ആചരിക്കുന്നു.<br>വായനാ മത്സരം.<br>വായനദിന പോസ്റ്റർ, ക്വിസ്,<br>ശില്പശാല,<br>ഡോക്യുമെന്ററി പ്രദർശനം.<br>ലഘു നാടകങ്ങൾ (ബഷീർ ദിനം)<br>കഥാരചന, കവിതാരചന തുടങ്ങിയ പ്രവർത്തനങ്ങൾ വിദ്യാരംഗം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നു. | | | |
| വിദ്യാരംഗം<br>കലാ സാഹിത്യ വേദി. | | അധ്യയന വർഷം മുഴുവൻ. | | |
| കഥാനേരം<br>ദിവസവും ഒരു കഥ. | ക്ലാസുകൾക്കനുസരിച്ച് കഥകൾ കണ്ടെത്തി ദിവസവും ഒരു കഥ അവതരിപ്പിക്കുന്നു. അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ ആദ്യ ഘട്ടത്തിൽ കഥകൾ പറഞ്ഞു കൊടുക്കുന്നു. വർഷാവസാനമാകുമ്പോഴേയ്ക്കും കുട്ടികൾ കഥ പറച്ചിൽ ഏറ്റെടുക്കുന്നു. | | 2024-25 | |
| സംയുക്ത ഡയറി | ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾക്കായി സംയുക്ത ഡയറി-എഴുത്ത് നടപ്പാക്കുന്നു. (കുട്ടിയും രക്ഷിതാവും ചേർന്നെഴുതുന്നു.) വർഷാവസാനം മികച്ച രചനകൾ കണ്ടെത്തി പുസ്തകമായി പ്രസിദ്ധീകരിക്കുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| | സർഗാത്മക ഡയറി. | മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികളുടെ സർഗാത്മക രചനയെ ക്രമാനുഗതമായി വികസിപ്പിക്കുന്നതിനായി ഡയറിയെഴുത്ത് ഉപാധിയാക്കുന്നു. ഡയറിക്കുറിപ്പുകൾ സർഗാത്മക രചനകളായി മാറുന്നു. മികച്ച കുറിപ്പുകൾ സമാഹരിച്ച് വർഷാവസാനം പുസ്തകമായി പ്രസിദ്ധീകരിക്കുന്നു. | | | |
| | കാവ്യമധുരം. | 1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികൾക്കും ക്ലാസ്തലത്തിലും സ്കൂൾതലത്തിലുമായി 'കാവ്യമധുരം' പരിപാടി സംഘടിപ്പിക്കുന്നു. 'സർഗവേളകൾ' ഇതിനായി പ്രയോജനപ്പെടുത്തുന്നു. പ്രശസ്തരും അല്ലാത്തവരുമായ കവികളുടെ (കുട്ടികൾ രചിച്ചവയുൾപ്പെടെ) ധാരാളം ബാലകവിതകൾ കേൾക്കാനും ആസ്വദിക്കാനും അവസരമൊരുക്കുന്നു. വർഷാവസാനമാകുമ്പോഴേയ്ക്കും കുട്ടികളുടെ ആസ്വാദനനിലവാരമുയർത്താനും സ്വതന്ത്രമായ കാവ്യരചനയിലേയ്ക്ക് ചില കുട്ടികളെയെങ്കിലുമെത്തിക്കാനും ലക്ഷ്യമിടുന്നു. | ആഴ്ചയിൽ രണ്ടു ദിവസം | | |
| | | കവിതാശില്പശാലകൾ സംഘടിപ്പിക്കുന്നു | ഒക്ടോബർ ജനുവരി. | | |

| | | | | |
|---|---|---|---|---|
| നാടൻപാട്ട് ശില്പശാല.<br>പാട്ട്നേരം. | നാടൻ പാട്ടുകളും വായ്ത്താരികളും നമ്മുടെ ഭാഷയുടെ ഭാഗമാണ്. സംരക്ഷിക്കപ്പെടേണ്ട ഭാഷാസമ്പത്തുമാണ്. മാറിയ പാഠപുസ്തകങ്ങളിൽ ഇതിന് പ്രാമുഖ്യം നൽകിയിട്ടുണ്ട്. അവധിക്കാല അധ്യാപക ശാക്തീകരണത്തിൽ എല്ലാ ക്ലാസുകളിലും ഇത്തരം ഗാനശീലുകൾ ആസ്വദിക്കുന്നതിനും ഈണവും താളവുമിട്ട് പാടുന്നതിനും പ്രാധാന്യം നൽകിയിരുന്നു. അതിന്റെ വെളിച്ചത്തിൽ കുട്ടികൾക്കായി നാടൻപാട്ട് കലാകാരൻമാരെ/ കലാകാരികളെ സ്കൂളിലേയ്ക്ക് ക്ഷണിച്ച് ഒരു ശില്പശാല/പാട്ട് നേരം പരിപാടി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. | | | |
| നാട്ടുമൊഴി ചന്തം. | സ്കൂൾ ഉൾപ്പെടുന്ന കടുക്കാംകുന്ന ഗ്രാമത്തിലും പരിസരങ്ങളിലും ഉപയോഗിച്ചു വരുന്ന/ പണ്ട് ഉപയോഗിച്ചിരുന്ന നാട്ടുമൊഴികൾ/പദങ്ങൾ പരമാവധി കണ്ടെത്തി അവയുടെ അർത്ഥവും സന്ദർഭവും ഉൾപ്പെടുത്തി ഒരു കൈയെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കുക. | | വിദ്യാരംഗം കലാസാഹിത്യ വേദി<br>SRG<br>PTA<br>SMC. | |

| | | | |
|---|---|---|---|
| ഭാഷോത്സവം. | 'എന്റെ മലയാളം' പരിപാടിയുടെ ഭാഗമായി വർഷാവസാനം പഠനോത്സവത്തിന്റെ ഭാഗമായി പ്രത്യേകം ഭാഷോത്സവം സംഘടിപ്പിക്കുന്നു. ഭാഷാമികവുകൾ അവതരിപ്പിക്കുന്നതിനുള്ള വേദിയൊരുക്കുന്നു. അതിന്റെ ഭാഗമായി രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി സാഹിത്യ മത്സരങ്ങൾ, സർഗവേളകൾ, പുസ്തക / ഡയറി പ്രകാശനങ്ങൾ, ശില്പശാലകൾ എന്നിവ നടത്തുന്നു. | | |
| ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി.<br>സ്ത്രീ ശാക്തീകരണം വായനയിലൂടെ - അമ്മവായന<br>കുട്ടി ലൈബ്രേറിയൻമാർ. | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ വിപുലീകരിക്കാനുള്ള ശ്രമം തുടരുന്നു.<br>പുസ്തക സമാഹരണം (പിറന്നാൾ പുസ്തകം, സ്പോൺസർഷിപ്പ്, തുടങ്ങി വിവിധ മാർഗങ്ങളിലൂടെ) നടത്തുന്നു.<br>സ്ത്രീ ശാക്തീകരണം വായനയിലൂടെയാവണമെന്ന ലക്ഷ്യത്തോടെ ചെയ്തു വന്നിരുന്ന അമ്മവായന തുടരുന്നു.<br>മികച്ച വായനയ്ക്കും ആസ്വാദനക്കുറിപ്പിനും സമ്മാനം നൽകുന്നു.<br>ജില്ലാ പബ്ലിക് ലൈബ്രറി/ മികച്ച വായനശാലാ സന്ദർശനം. | | |

| | | | |
|---|---|---|---|
| ലക്ഷ്യം.<br>ഉൽപ്പന്നങ്ങളുടെ<br>ഉപയോഗിച്ചുള്ള<br>നമ്മൾ ഭക്ഷണത്തിലൂടെ<br>മനസ്സും കുട്ടികൾ<br>സ്വഭാവും ഉണ്ടാക്കു<br>ശീലങ്ങളെയും വായന<br>യിലൂടെ വിജ്ഞാനം<br>നേടി ഭാഷാശേഷി<br>വർദ്ധിപ്പിക്കലും<br>ചെയ്യുന്നു.<br><br>രീതി | ഉള്ളൂ കുട്ടികൾക്കും<br>ക്ലാസിൽ തെരഞ്ഞെടുപ്പ്-<br>കഥകൾ വിതരണം ചെയ്യുന്നു<br>കൂടാതെ ക്ലാസിലിരുന്നു<br>വായിക്കാനും വായനക്കൂടാരം<br>ഒരുക്കിയിരിക്കുന്നു. അതിൽ<br>നിന്നൊക്കെ കുട്ടികൾ വായി<br>ച്ച ഉൽപ്പന്നത്തിന്റെ പേര്,<br>സ്വന്തം പേര്/കയ്യെഴുത്ത് ...<br>ഉൽപ്പന്നങ്ങളുടെ ശേഖരിച്ചി<br>ടുന്നു. അവർക്ക് ഉൽപ്പന്ന<br>വിതരണം ചെയ്ത് ആരോഗ്യ-<br>ത്തിൽ ഉൽപ്പാദിപ്പിക്കപ്പെ-<br>ടുന്നതിന് സഹായം<br>നൽകുന്നു. കവിതകളുടെ ന്യൂ-<br>ത്താവിഷ്കാരം ഉൽപ്പന്നങ്ങളുടെ/<br>കഥകളുടെ ചിത്രീകരണം, കഥ<br>കളുടെ സംഭാഷണം തുടങ്ങിയ<br>പരിപാടികൾ സംഘടിപ്പിക്കുന്നു. | അദ്ധ്യാപിക<br>[illegible]<br>[illegible] | HM<br>SRG<br>Parents<br>വിദഗ്ധർ<br>[illegible] |

## പരിസരപഠനം.

തനിക്കു ചുറ്റുമുള്ള കാര്യങ്ങളെ സംബന്ധിച്ച് ശാസ്ത്രീയവും യുക്തിപരവുമായി ചിന്തിക്കാനും വിലയിരുത്താനും പ്രാപ്തി നേടുക.

പ്രകൃതിയെ സ്നേഹിക്കാനും പ്രപഞ്ചത്തിലെ അനേകമനേകം ജൈവവും അജൈവവുമായ വസ്തുക്കളിൽ ഒന്നു മാത്രമാണെന്ന ബോധത്തോടെ തന്റെ നിലനില്പ് പരിസരത്തുള്ള മറ്റനേകം വസ്തുക്കളുടെ നിലനില്പുമായി ബന്ധപ്പെട്ടുള്ളതാണെന്നുമുള്ള ബോധ്യത്തോടെ നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുക.

ചരിത്രത്തെ / ചരിത്ര സംഭവങ്ങളെ കാലത്തിന്റെ തുടർച്ചയായിക്കണ്ട് നിഷ്പക്ഷതയോടെ നോക്കിക്കാണാനും അറിയാനുമുള്ള മനോഭാവം വളർത്തിയെടുക്കുക.

വിശ്വപൗരനായി വളരാനുള്ള മനോഭാവത്തിന് അടിത്തറയിടുക.

നിരീക്ഷണം, താരതമ്യം, ശാസ്ത്രീയ പ്രശ്നം, എന്നിങ്ങനെയുള്ള

## നന്മവിള. (ജൈവകൃഷി)

സ്കൂളിൽ വർഷങ്ങളായി തുടർന്നു വരുന്ന 'നന്മവിള' എന്ന ജൈവകൃഷി 1-4 ക്ലാസുകളിലെ കുട്ടികളുടെ പരിസരപഠന പാഠങ്ങളുമായി ബന്ധപ്പെടുത്താൻ ശ്രമിക്കാറുണ്ട്. മാറിയ പാഠപുസ്തകങ്ങൾക്കനുസരിച്ച് പഠനപ്രവർത്തനങ്ങൾ ഈ വർഷം ചിട്ടയോടെ ക്രമീകരിച്ച് പ്രകൃതിയുമായി ഇണങ്ങിച്ചേർന്നുള്ള പഠനത്തിന് സാഹചര്യമൊരുക്കുന്നു. പഴയ പാഠപുസ്തകങ്ങൾ തുടരുന്ന ക്ലാസുകളിലും ഇതുമായി ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തനങ്ങൾക്കുള്ള സാധ്യതകൾ ആരായുന്നു.

* ജൈവകൃഷി രീതികൾ പരിചയപ്പെടൽ

വിവിധ തരം പച്ചക്കറികൾ, പഴവർഗങ്ങൾ കിഴങ്ങ് വർഗങ്ങൾ, ഇലവർഗങ്ങൾ എന്നിവ പരിചയപ്പെടുന്നു.. നടീൽ, പരിചരണം എന്നിവ സംബന്ധിച്ച് ധാരണ ലഭിക്കുന്നു. ഇലകൾ, വേരുകൾ, വിത്തുകൾ, കായകൾ എന്നിവ ശാസ്ത്രീയമായി തരം തിരിക്കാനും പൊതു നിഗമനങ്ങളിൽ എത്തിച്ചേരാനും കഴിയുന്നു.
സ്കൂൾ പരിസരത്തു തന്നെ ലഭ്യ

ശേഷികൾ വികസിപ്പിക്കാനും ശാസ്ത്രാഭിരുചി വളർത്തിയെടുക്കാനും കഴിയുക.

ലഘുപരീക്ഷണങ്ങളിലൂടെ തനിക്കു ചുറ്റുമുള്ള പല കാര്യങ്ങളുടെയും ശാസ്ത്രീയ രഹസ്യം മനസ്സിലാക്കുകയും ശാസ്ത്രീയ സമീപനം സൃഷ്ടിക്കാനും കഴിയുക.

പഠനയാത്രകൾ സാധ്യമാകുന്നു.

ചിത്രലത (ശലഭോദ്യാനം) നവീകരണം.

ജൈവവൈവിധ്യ സംരക്ഷണമെന്ന ആശയം നേരിട്ട് ബോധ്യമാകാൻ ഉതകുന്നു. അതിനായുള്ള പ്രവർത്തനങ്ങൾക്ക് സ്വമേധയാ താത്പര്യമെടുക്കുന്നു. പ്രകൃതിയോടിണങ്ങിയുള്ള പഠനത്തിന്റെ മാഹാത്മ്യം തിരിച്ചറിയുന്നു. കുട്ടികൾക്ക് വ്യത്യസ്തതരം ശലഭങ്ങളെക്കുറിച്ചും അവയെ ആകർഷിക്കുന്ന പൂക്കളെയും സസ്യങ്ങളെയും കുറിച്ച് പാഠഭാഗങ്ങളിലുണ്ട്. അവയെ നേരിട്ടറിയാനും നിരീക്ഷിക്കാനും അവസരം ലഭിക്കുന്നു. ശലഭങ്ങളെ ആകർഷിക്കുന്ന കൂടുതൽ ചെടികൾ കണ്ടെത്തി ഉദ്യാനത്തിൽ നട്ടുവളർത്തി അതിനെ വിപുലീകരിക്കുന്നതിൽ പങ്ക് വഹിക്കുന്നു

സഞ്ജീവനി (ഔഷധത്തോട്ടം.)

നമുക്ക് ചുറ്റുമുള്ള മിക്ക സസ്യങ്ങളും ഔഷധഗുണമുള്ളവയാണെന്ന് ബോധ്യപ്പെടാനും അവ ഏതൊക്കെയാണെന്നും ഏതൊക്കെ രോഗങ്ങൾക്കുള്ള ഔഷധമാണെന്നും സാമാന്യ ധാരണ നേടാൻ സഹായകം.

| | | | | | |
|---|---|---|---|---|---|
| | | 1 മുതൽ 4 വരെ ക്ലാസുകളിലെ<br>പരിസരപഠനം, പാഠഭാഗങ്ങളിൽ<br>സസ്യങ്ങളുമായി ബന്ധപ്പെട്ടു<br>വരുന്ന പ്രവർത്തനങ്ങളിൽ<br>നേരനുഭവങ്ങൾ നൽകാനായി<br>ഔഷധത്തോട്ടം പ്രയോജനപ്പെ-<br>ടുത്താം.<br>വർഷാവസാനമാകുമ്പോഴേയ്ക്കും<br>രക്ഷിതാക്കളുടെയും കുട്ടികളുടെയും<br>സഹകരണത്തോടെ, മൂന്ന് വർഷമായി<br>പരിപാലിച്ചു വരുന്ന ഔഷധത്തോട്ടം<br>വിപുലീകരിക്കുന്നു.<br>നെയിം ബോർഡുകൾ സ്ഥാപിക്കാനുള്ള<br>ശ്രമം തുടരുന്നു.<br>ഇതുമായി ബന്ധപ്പെട്ട് ഒരു ആൽബം<br>തയാറാക്കുന്നു..<br>മികവ് അവതരണത്തിൽ ഉൾപ്പെടു-<br>ത്തുന്നു. | | | |
| | ശാസ്ത്രം നിത്യജീവിതത്തിൽ<br><br>1. മുതൽ 4 വരെയുള്ള ക്ലാസുകളിൽ<br>പരിസരപഠനവുമായി ബന്ധപ്പെട്ട<br>എല്ലാ ലഘുപരീക്ഷണങ്ങളും ചെയ്യുന്നു. | നിത്യജീവിതവുമായി ബന്ധപ്പെട്ട<br>ശാസ്ത്രസത്യങ്ങൾ കുട്ടികൾ നിരീക്ഷിച്ച്<br>സ്വയം കണ്ടെത്തി ബോധ്യപ്പെടേണ്ടതുണ്ട്.<br>അതിനായി പാഠഭാഗങ്ങളിലുൾപ്പെട്ട<br>അനവധി ലഘു ശാസ്ത്ര പരീക്ഷണങ്ങൾ<br>ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ | | | |

| | | | | |
|---|---|---|---|---|
| | ക്ലാസ്തലങ്ങളിലും സ്കൂൾതലത്തിലും സംഘടിപ്പിക്കുന്നു. | | | |
| പേപ്പർ ബാഗ് നിർമ്മാണം. പരിസ്ഥിതി സൗഹൃദ വിദ്യാലയവും വീടും. | സ്കൂളിലെ കുട്ടികളുടെ അമ്മമാർക്ക് പേപ്പർ ബാഗ് നിർമ്മാണത്തിനുള്ള പരിശീലനം നൽകുന്നു. അതിന്റെ വിപണി സാധ്യതകൾ കണ്ടെത്തുന്നു. | സെപ്റ്റംബർ മുതൽ. | HM SRG PTA/SMC. LSG. | STEP-LSG Sponsorship. |
| ആരോഗ്യകലണ്ടർ. കുട്ടികൾ നിർബന്ധമായും പാലിക്കേണ്ട ആരോഗ്യ/വ്യക്തി ശുചിത്വ കാര്യങ്ങൾ ശീലമാക്കാൻ സഹായകമാണ്. | എല്ലാ ക്ലാസുകളിലും ആരോഗ്യ കലണ്ടർ തയ്യാറാക്കുന്നു. നഖങ്ങൾ വെട്ടൽ, uniform വൃത്തിയോടെ ധരിക്കൽ, മുടി ചീകൽ .... തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തിയായിരിക്കും കലണ്ടർ. | അക്കാദമിക വർഷം മുഴുവൻ 2025-26. | HM SRG. PTA. Health Dept. | - |

| | | | | | |
|---|---|---|---|---|---|
| | Easy English without fear convey the ideas of students with others without fear. | In this accademic year we select Wednesday as English day. All the children, Teachers, staff should try to speak in English with each other Maximum school hours. Special communicative training by Leeds collage - Dhoni students | Full Accademic year | HM. SRG Parents Social service groups | |

| | | | | | |
|---|---|---|---|---|---|
| | ENGLISH. | | | | |
| | EASY ENGLISH.<br>To improve the language Proficiency of students and parents. | School arranges a special spoken English classes for children and their parents to improve their language proficiency.<br>To speak English fluently<br>To know the basics of English language. | Once in a week (Two hours) | HM<br>SRG<br>PTA/SMC<br>LSG. | LSG. fund. |
| | English Assembly. | Conducts English assembly once in a week. | | | |
| | English Fest. | Conducts English fest. | | | |
| | | | | Verified | AEO |